# C K G M H S S

## CHINGAPURAM




# സി.കെ.ജി.എം.എച്ച്.എസ്. ചിങ്ങപുരം

2023-24

# ജാലകക്കാഴ്ച്ചകൾ

ഈ ജാലകം തുറക്കുന്നുഞാൻ
നിറയുന്നു എന്നിലീ ഭൂമി തന്നുടെ കോൾമയിർ
കൊള്ളിക്കും വശ്യഭംഗി... നാലുചുമരിനുള്ളിൽ
അകപ്പെട്ടെനിക്ക് - പ്രാണവായുവാകുന്നു ഈ
വിശ്വരൂപം.. കണ്ണിനുകളിർമ്മയാകുന്നു..
കാതിനിമ്പ- മേകുന്നു ഈ ജാലകക്കാഴ്ച്ചകൾ..
ഇപ്പുറമിരുന്നു നോക്കിക്കാണുമ്പോളറിയുന്നു
പാരതന്ത്ര്യത്തിൻ തീരാനോവുകൾ..
കളകളമൊഴുകുന്ന പുഴകളും... നീളെ വരച്ച
കുന്നുകളും.. - പച്ച - പ്പട്ടുടുത്ത പാടങ്ങളും ..
അനുഭൂതി - യെങ്കിലും .. മനസ്സിൽ തെളിയുന്നു
മറച്ചുവെച്ച തീരാനോവുകൾ.. മിന്നുന്നതെല്ലാം
പൊന്നല്ല.. പുറമേ കാണുമീ ഭംഗിയെല്ലാം
ഇരുളിന്റെ കാഴ്ചകൾ കാണാതിരിക്കാനോ..
ജാലകക്കാഴ്ച്ചയ്ക്കുമപ്പുറം ലോകമുണ്ട്, കാഴ്ച്ചയുണ്ട്..
ഇരുട്ടത്തിരിക്കുന്ന നിരാലംബർ.. നിസ്സഹായർ..*
പോരും പടയും പട്ടിണിയും രോഗങ്ങളും പിന്നെ
ദുരിതങ്ങളും . . ആരും തുണയില്ലാത്തവർ..
ചാരിക്കിടക്കാൻ തൂണില്ലാത്തവർ... കാണണം
നമ്മളും കാഴ്ച്ചകൾ അറിയണമവരുടെ നോവുകൾ..
ചെയ്യണം നമ്മള്ളാലായത് .



# കണ്ണുപൊട്ടന്മാർ

മുഴങ്ങുന്നു ഘോരശബ്ദങ്ങൾ തേങ്ങലുകൾ
മറയ്ക്കാനോ ഈ ഇടിമുഴക്കങ്ങൾ ... ചുവന്ന
കണ്ണും വിറപൂണ്ട ചുണ്ടും ചോരപൊടിഞ്ഞ
കൈകാലുകളും... രണം മോന്തിയ കഴുകന്മാർ
കാത്തിരിക്കുന്നു പച്ചമാംസം കൊതിയോടെ ..
നേത്രങ്ങൾ വറ്റാത്ത പാത്രങ്ങളായി പൊട്ടുന്നു
പീരങ്കികൾ!! ചെവിയടപ്പിക്കുന്ന ശബ്ദം..
തകർന്നുവീഴുന്നു പടുത്തുയർത്തിയ
സ്വപ്നങ്ങൾ.. കണ്ണിൽ ഇരുട്ടുകയറി മുറുകെ
പിടിച്ച മകളുടെ കൈകളയഞ്ഞു ...
മോളേയെന്ന അലർച്ചയിൽ പീരങ്കിയൊച്ചകൾ
ഒന്നുമല്ലാതായി... അറ്റുപോയ കൈകളും
കാൽകളും തുറിച്ച കണ്ണുകളും
കണ്ടുനിൽക്കാനായില്ലാമുഖം.. നിശ്ശബ്ദയായി..,
നാവാരോ പിഴുതെടുത്തുവോ ?..

കണ്ണുനീർ ഒപ്പിക്കളഞ്ഞു..

ശരണ്യസായി
VIII A

# Dr. APJ ABDUL KALAM

Dr.Apj abdul kalam is a great indian scientist he is also known at the missile man of india. His full name is Avul Pakir Jainulabdeen Abdul Kalam. He was born on15th october 1931 at ramaswaram in tamil nadu. His father name was jainula bdeem and mothers name was ashaimma. He has completed his graduation from the st.Joseph's college and aerospace engineering from the madras institute of technologu chennai in 1960.

Kalam joined the DRDO(Defense research and development organization )as a scientist. And he also worked under Dr vikram sarabai as part of INCOSPAR commettee. later he joined the Indian space research organization (ISRO) in 1969 as project director of Indian's first indiagenous satelite lounch vehicle (SLV-111).because of his great contributions for the development of bellistic misslles in India he will be forever known as the 'missle' man of India" The successful pokhran-11 nuclear tests of 1998 have also involved his important role lte has been the third president of India who awarded with the bharat raten in 1997 He was also been awarded with the padma bhushan in 1981 and padma vibhushan in 1990 He has written many books such as wings of fire ignited minds turning points India 2020 my journey etc.

Dr Apj abdul kalam took his last breath on 27 july 2015.Dr kalam's life was full of straggle but he has been inspiration to the new generation India.

AYISHA MIDHA
VIII.E

# സാങ്കൽപ്പികം

തീരം തിരമാലയെ കാത്തിരുന്നിട്ടും
അങ്ങകലെ നിന്നും ആഞ്ഞടിച്ചു വരുമെന്ന
തോന്നലു മാത്രമാണ്
വന്നു തഴുകുന്നത് കടൽ നീരാണ്.
തിരയൊരിക്കലും തീരത്തെ തഴുകുന്നില്ല
അത് സൂര്യാസ്ഥമയം പോലെ മനോഹരമാണ്.
സൂര്യൻ കടലിലല്ല അസ്തമിക്കുന്നത്.......
അതുമൊരു തോന്നലുമാത്രമാണ് .
അരുണാസമയം പോലെ.
പലതും സാങ്കൽപ്പികമാണ്
ഏതൊന്നിനും അതിന്റെതായ സമയം ഉണ്ട് .

HANNA.VIII.H

# വാഴക്കുല



ചങ്ങമ്പുഴ കൃഷ്ണപിള്ള മലയാളത്തിന്റെ
പ്രിയ കവി ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ

അതിപ്രശസ്തമായ കൃതിയാണ്
വാഴക്കുല ഒരുകാലത്ത് മലയാള കവിതാ
സ്വാതികരുടെ

മനം കീഴടക്കി ലളിതവും
ആസ്വാദകരവുമായ വരികൾ ആയിരുന്നു
ഈ കവിതയുടെ

പ്രത്യേകത പണ്ടുകാലത്ത്
തമ്പ്രാക്കന്മാരുടെ പാടത്തും പാടത്തും
പറമ്പിലും എല്ലുമുറിയെ

പണിയെടുത്ത് നാഡമായ
പ്രതിഫലത്തോടെ ജീവിതസൗകര്യങ്ങളെ
ലഭിക്കാതെ

ആടുമേടുകളെപ്പോലെ കഴിഞ്ഞിരുന്ന
ഒരു വിഭാഗം ആളുകളുടെ
ജീവിതത്തിൻറെ

നേർക്കാഴ്ചയായിരുന്നു ഈ കവിത
മലയനും പുലയനും അഴുകിയും
അവരുടെ മക്കളും കൂടി

ആറ്റുനോറ്റു വളർത്തിയ കൊതിയോടെ
പഴം തിന്നാൻ കാത്തുവെച്ച വാഴക്കുല
ചമ്പ്രാൻ

കൊണ്ടുപോകുന്നത് അടിമകൾ
എന്നവരുടെ നിസ്സഹായതയുമായി കവി
ഇതിലെ

വരികളിൽ വെച്ച് കാട്ടുന്നുണ്ട്

അരുമക്കിടാങ്ങളിൽ ഒന്നായതിനെയും

അഴകിപ്പലേകളിയോ മാനിച്ചവർ എന്ന
വരികളിൽ ആ കുടുംബത്തിൽ ആ
വാഴക്കൂടാ

പ്രാധാന്യം വ്യക്തമാണ് പിന്നീടുള്ള
വരികളിൽ ആ കുടുംബത്തിന്റെ
ദാരിദ്ര്യവും

ദൈനംദിന വ്യക്തമാക്കപ്പെടുന്നുണ്ട്
കാരണം നമുക്ക് വാക്കുകൾ
പകുതിയിൽ മാഞ്ഞു
പോകുന്നത് അത്രമേൽ
ഹൃദയവേദനയോടെ
സംസാരിക്കുമ്പോഴാണ് സാമൂഹ്യ

സാഹചര്യങ്ങൾ ഏറെ മാറിയെങ്കിലും
ഈ കൃതിക്ക് ഇന്നും പ്രസക്തി ഉണ്ട്

ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു
തരത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട
ജനങ്ങൾ

ഇന്നും നമുക്കിടയിലുണ്ട് അത്തരത്തിൽ
നോക്കിയാൽ

കൃതിക്ക്എക്കാലത്തുംസമൂഹപ്രശസ്തിയു
ണ്ട്.

HUDA FATHIMA 8.D

# കൺ

# കാഴ്ച്ചകൾ

ഇന്നെനിക്കുണ്ട ച്ചനമ്മയും അറിവില്ലാ
എനിക്കാ പൈതലിൻ വേദന.......
കണ്ണുള്ള നേരത്ത് കണ്ണിന്റെ വില
നൽക്കാതിരുന്നെങ്കിൽ
കണ്ണില്ലാ നേരത്ത്
നാം അതോർത്ത് ദുഃഖിച്ചിടും.
മാതാ പിതാവിനെ തള്ളിക്കളഞ്ഞ് .
നീ നാളെ അതോർത്ത് കോപിച്ചിടും .
നാം കോപപ്പെട്ടാൽ തിരിച്ച് സ്നേഹം മാത്രം തരുന്ന ഭൂമിയിലെ ദൈവമാണവർ.
അവരെ നീ  വെറുത്തിടുവാണേൽ
നീ ഭൂമിയിൽ പലതരം ദൈവ പുണ്യം ചെയ്താലും
ഗുണമുണ്ടാവില്ല സുഹൃത്തെ........

FATHIMA SHERIN
VIII.H

# അമ്മ

ജീവിതമാകുന്ന പാതയിൽ വെളിച്ചം കാട്ടി മാടിവിളിക്കാൻ
അമ്മ എന്ന  രണ്ടക്ഷരം എന്റെ മുൻപിൽ തെളിഞ്ഞു
 ചന്ദ്രനുള്ളപ്പോൾ നക്ഷത്രങ്ങളെ എണ്ണിയെ എന്നോട് ഒരു
നിമിഷം ചന്ദ്രന്റെ നിലാവ് ആസ്വദിക്കാൻ പഠിപ്പിച്ചു അമ്മ
പൂക്കളുടെ വർണ്ണഭംഗി ആസ്വദിക്കുമ്പോഴും ഒരു പൂമ്പാറ്റയെ
പോലെ പാറിനടന്ന് മധുരമുള്ള നിമിഷങ്ങൾ നുകരാൻ
എന്നെ പഠിപ്പിച്ച അമ്മ
 ഇരുട്ടിൽ വെളിച്ചത്തെ കണ്ടുപിടിക്കാൻ പറ്റാതെ
നടക്കുമ്പോൾ ഒരു മിന്നാമിനുങ്ങായി വന്ന എന്റെ
ജീവിതത്തിന്റെ വഴികാട്ടിയായി വന്നപ്പോഴും ഇരുട്ടിന്റെ
വേദനയെന്തെന്ന് ഞാനറിഞ്ഞില്ല പ്രകൃതിയെ
മനോഹരമാക്കുന്ന മഴവില്ലിന്റെ ഏഴു നിറങ്ങൾ പോലെ ഈ
രണ്ടക്ഷരത്തിനുമുണ്ട് ഏഴുവർണ്ണങ്ങൾ സങ്കടപ്പെടുമ്പോൾ
ആശ്വാസമായും ആപത്ത് വരുമ്പോൾ വിളക്കായും തെറ്റ്
ചെയ്യുമ്പോൾ ശകാരിക്കാനും അമ്മയ്ക്കേ കഴിയൂ....
 അമ്മയ്ക്ക് മാത്രം.... മക്കളുടെ ജീവിതത്തിന് തടാഗിയായി
മാറുന്ന അമ്മയുടെ മുന്നിൽ ദൈവം പോലും തലകുനിക്കും

ATHEENA SUMESH
VIII D